ട്രഷറി ഡിപ്പാർട്ടുമെൻറ് ജീവനക്കാർക്ക് ഓവർടൈം

870 [1342] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി. ഒ. (പി) 860/78/ഫിൻ. ഡേറ്റഡ് 18.12.78-ലെ ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ച് സംസ്ഥാനത്തെ ഗവൺമെൻറ് ജീവനക്കാരുടെ കുടിശ്ശിക ബില്ലുകൾ പാസ്സാക്കുന്നത് ട്രഷറി ഡിപ്പാർട്ടുമെൻറിലെ അധിക ജോലിയായതിനാൽ ഈ ഉത്തരവനുസരിച്ച് അക്കൗണ്ടൻറ് ജനറലാഫീസിലും, മറ്റു ചില സ്ഥാപനങ്ങളിലെ ജീവനക്കാർക്കും നൽകിയിട്ടുള്ളതുപോലെ ട്രഷറി ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർക്കും ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ എന്നീ മാസങ്ങളിൽ ഓവർടൈം അലവൻസ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) ബാങ്കുകളിൽ ചെയ്തു വരുന്ന അതേ സ്വഭാവമുള്ള ജോലി ചെയ്യുന്ന ട്രഷറി ഡിപ്പാർട്ടുമെൻറിലെ ജീവനക്കാർക്കും ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെൻറിൽ നൽകിയിട്ടുള്ളതു പോലെയുള്ള ശമ്പള സ്കെയിലും, നിയമന രീതിയും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശമ്പള പരിഷ്കരണ ഉത്തരവനുസരിച്ച് ഉള്ള കുടിശ്ശിക ബില്ലുകൾ പാസ്സാക്കുന്നതിലേക്കായി ട്രഷറി ജീവനക്കാർക്ക് ഓവർടൈം അലവൻസ് അനുവദിക്കുന്ന കാര്യം ഇതുവരെയായി പരിഗണിച്ചിട്ടില്ല.

(ബി) ട്രഷറി ഡിപ്പാർട്ടുമെൻറിലെ നിയമന രീതിയും ശമ്പള സ്കെയിലും ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ടുമെൻറിലേതുപോലെ ആക്കുന്ന കാര്യം, ഒരു ശമ്പള കമ്മീഷൻ ശുപാർശകൾ ഇതിനിടെ നടപ്പാക്കിക്കഴിഞ്ഞ സ്ഥിതിക്ക് പരിഗണിക്കാൻ സാദ്ധ്യമല്ല.

കേരളാ സ്റ്റേറ്റ് ഫൈനാൻസ് എൻറർപ്രൈസസിന് അനുവദിച്ച ഓഹരി മൂലധനം

871 [1343] ശ്രീ. സി. പി. ഗോവിന്ദൻ നമ്പ്യാർ:

ശ്രീ. എൻ. പി. മൊയ്തീൻ:

ശ്രീ. കെ. പി. നൂറുദ്ദീൻ:

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എൻറർപ്രൈസസിന് ഗവൺമെൻറിൽനിന്നും അനുവദിച്ച ഓഹരിമൂലധനം എത്ര? അതിൽ എന്തു തുക യഥാർത്ഥത്തിൽ കമ്പനിയ്ക്കു കൊടുത്തു കഴിഞ്ഞിട്ടുണ്ട്?

(ബി) ഇതുവരെയായി കടമായി എന്തു തുക നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly